**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4722** **02-07-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിക്കായി ഓരോ പഞ്ചായത്തിലും എത്ര കോടി രൂപയാണ് ഭരണാനുമതി നൽകിയതെന്നും നടന്നുവരുന്ന പ്രവൃത്തിയുടെ പുരോഗതിയും വിശദമാക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിക്കായി ഭരണാനുമതി സംബന്ധിച്ച പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങളും നടന്നുവരുന്ന പ്രവൃത്തിയുടെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പൈപ്പ് ഇടാൻ ഗ്രാമീണ റോഡുകൾ കുഴിക്കുകയും പൂർവ്വസ്ഥിതിയിലാക്കാൻ കാലതാമസം എടുക്കുന്നതു മൂലം റോഡുകൾ തകരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ജൽ ജീവൻ മിഷൻ പ്രവർത്തികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമീണ റോഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി എടുത്ത കുഴികൾ പൈപ്പ് ലൈൻ സ്ഥാപിച്ചതിന് ശേഷം താത്കാലികമായ റീസ്റ്റോറേഷൻ നടത്തി സഞ്ചാര യോഗ്യമാക്കാറുണ്ട്. റോഡ് പൂർവ്വസ്ഥിതിയിലാക്കു ന്നതിനു വേണ്ട തുക ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന മുറയ്ക്ക് റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **പയ്യന്നൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിക്കായി പഞ്ചായത്ത്തല ഭരണാനുമതി സംബന്ധിച്ച വിശദാംശങ്ങളും നടന്നുവരുന്ന പ്രവൃത്തിയുടെ പുരോഗതിയും** | | | |
|---|---|---|---|
| **പഞ്ചായത്ത്** | **ഭരണാനുമതി നൽകിയ കണക്ഷൻ** | **ഭരണാനുമതി തുക (ലക്ഷം)** | **നിലവിലെ പ്രവർത്തന പുരോഗതി** |
| ചെറുപുഴ | 6710 | 11826.35 | പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഫേസ്-I 47.2km പൈപ്പ് ലൈൻ സ്ഥാപിച്ചു. പ്രവൃത്തി 20% പൂർത്തിയായി. ഫേസ്-II സൈറ്റ് ഹാൻഡ് ഓവർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| എരമം-കുറ്റൂർ | 7243 | 9026.00 | ഫേസ്-I, WTP, വിതരണ ശൃംഖല, ജലസംഭരണികൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. 80% പ്രവൃത്തി പൂർത്തീകരിച്ചു. തടയണനിർമ്മാണ ത്തിനാവശ്യമായ സ്ഥലങ്ങൾ തിട്ടപ്പെടുത്തു ന്നതിനുവേണ്ടി തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. ഫേസ്-2, 100% coverage ഉറപ്പാക്കുന്ന തിനായുള്ള ബാലൻസ് പ്രവൃത്തി ആരംഭഘട്ട ത്തിലാണ്. |
| കാങ്കോൽ-ആലപടമ്പ | 5035 | 5504.72 | വിതരണ ശൃംഖല 185 കി.മീ പൂർത്തീകരിച്ചു 20% പ്രവൃത്തി പൂർത്തീകരിച്ചു. |
| കരിവെള്ളൂർ പെരളം | 5670 | 6198.95 | |
| പെരിങ്ങോം-വയക്കര | 5582 | 9838.26 | 3.52 km പൈപ്പ്ലൈൻ സ്ഥാപിച്ചു. പ്രവൃത്തിപുരോഗമിച്ചുവരുന്നു. |
| രാമന്തളി | 4026 | 1180.00 | 52.364 കി.മി വിതരണ ശൃംഖല സ്ഥാപിക്കുകയും ഇനി നൽകാനുള്ള കണക്ഷനുകളുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| **ആകെ** | **34266** | **43574.28** | |